**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 12** **07-06-2021 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;അവയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | വയനാട് ജില്ലയിൽ വൈത്തിരി-തരുവന റോഡ് (21.56 കി.മീ ), മാനന്തവാടി-പെരിയ റോഡ് (27.30 കി.മീ) എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന 30 റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഒരു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 10 പ്രവൃത്തികളുടെ ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 14 പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 5 പ്രവൃത്തികൾക്കുള്ള വിശദ പദ്ധതി രേഖകൾ തയ്യാറാക്കി വരികയും ചെയ്യുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻജിനീയറിങ് വിങ് മുഖേന ജില്ലയിൽ 4 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ പുനർനിർമ്മിക്കുന്നതിന് വയനാട് ജില്ലയിൽ നിന്നും 5 വില്ലേജ് ഓഫീസുകൾ (വെള്ളമുണ്ട, മുപ്പൈനാട്, പനമരം, ചീരാൽ, എടവക) തെരഞ്ഞെടുത്തിട്ടുണ്ട്. ഇവ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ മറ്റ് റവന്യൂ കെട്ടിടങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 4 പ്രവൃത്തികളും (റവന്യൂ ഡിവിഷണൽ ഓഫീസ്- മാനന്തവാടി, ലാന്റ് ട്രിബ്യൂണൽ ഓഫീസ് - മാനന്തവാടി, താലൂക്ക് ഓഫീസ് - മാനന്തവാടി (പുതിയ ബ്ലോക്ക് നിർമ്മാണം), താലൂക്ക് ഓഫീസ്-മാനന്തവാടി (പഴയ കെട്ടിടം റൂഫിംഗ്)) ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള വാട്ടർ അതോറിറ്റി മുഖേന സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, മുട്ടിൽ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള |

സംയോജിത ജലവിതരണ പദ്ധതിക്കായി 64 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാണാസുരസാഗർ റിസർവോയറിൽ കൂട് മത്സ്യകൃഷിക്കായുള്ള ഫിഷറീസ് വകുപ്പിന്റെ 3.2 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിരുന്നു. കൃഷിയുടെ ആദ്യഘട്ട വിളവെടുപ്പ് നടക്കുന്നു. രണ്ടാം ഘട്ടത്തിനു വേണ്ട സീഡിംഗ് പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ മറികടക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ലൈവ്‌ലിഹുഡ് സപ്പോർട്ട് പാക്കേജ്-ൽ നിന്നും ആനുപാതികമായ ഗുണഫലം (ഏതാണ്ട് 5400-ൽ പരം ഗുണഭോക്താക്കൾ) വയനാട് ജില്ലയ്ക്കും ലഭിക്കും. പ്രളയാനന്തരം ജീവനോപാധികൾ സൃഷ്ടിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ സംസ്ഥാന വ്യാപകമായി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയുടെ ആനുപാതികമായ ഗുണഫലങ്ങൾ ജില്ലയ്ക്കും ലഭിക്കും. പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ട 29 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി പുനർനിർമ്മിക്കുന്ന പദ്ധതിയിൽ വയനാട് ജില്ലയിലെ വേങ്ങപ്പള്ളിയിൽ നിന്നും 2 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടറിങ് നടപടികൾ പുരോഗമിക്കുന്നു. ഇന്റഗ്രേറ്റഡ് ഫാമിംഗ് മുഖേന ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് ഇടുക്കി, വയനാട് ജില്ലകൾക്ക് മുൻഗണന നൽകിക്കൊണ്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഏകദേശം 1400 ഇന്റഗ്രേറ്റഡ് ഫാമിംഗ് യൂണിറ്റുകൾ വയനാട് ജില്ലയിൽ സ്ഥാപിക്കും. 900-ത്തിൽ പരം യൂണിറ്റുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ മണ്ണ്-ജല സംരക്ഷണത്തിലൂടെ വയനാട് ജില്ലയിലെ 6000 ഹെക്ടറോളം പ്രളയബാധിത പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുദ്ധാരണത്തിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 800 ഹെക്ടറോളം പ്രദേശത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പച്ചക്കറി-പുഷ്പോത്പാദനവുമായി ബന്ധപ്പെട്ട് അമ്പലവയലിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടറിങ് നടപടികൾ പുരോഗമിക്കുന്നു. ഇത് കൂടാതെ സംസ്ഥാന വ്യാപകമായി കൃഷി വകുപ്പ് നടത്തുന്ന വിവിധ പദ്ധതികളുടെ ആനുപാതിക ഗുണഫലങ്ങളും ജില്ലയ്ക്ക് ലഭിക്കും.ക്ളീൻ കേരള കമ്പനി മുഖേന ജില്ലാതല മാലിന്യ സംഭരണത്തിനും തരം തിരിവിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിപ്രകാരം വയനാട് ജില്ലയിലും ഇത്തരം കേന്ദ്രം സ്ഥാപിക്കും. ഇത്തരത്തിൽ വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ഏതാണ്ട് 450 കോടി രൂപയുള്ള പദ്ധതികൾക്ക് നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | റീബിൽഡ് കേരള പദ്ധതി പ്രകാരം പുനർനിർമിക്കാൻ ഉദ്ദേശിച്ച വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നിർമാണം അനന്തമായി നീണ്ടുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ? | (ബി) | 15/11/2019-ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ 30 തദ്ദേശ റോഡുകളുടെ പുനർനിർമ്മാണം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. 21 റോഡുകൾ DBMT (Design-Build-Maintain-Transfer) രീതിയിൽ പൂർത്തീകരിക്കാനും 9 റോഡുകൾ Item Rate Contract രീതിയിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 3 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും DBMT രീതിയിൽ പുനർനിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ മുന്നോട്ട് വരാതിരുന്ന സാഹചര്യത്തിൽ, 25/05/2020-ലെ ഉത്തരവ് പ്രകാരം ഈ പ്രവൃത്തികൾ Item Rate Contract രീതിയിൽ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ